(സി) തൊഴിലാളി സംഘടനാപ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; ഏതെല്ലാം സംഗതികളിൽ ചർച്ചയിൽ ധാരണയിലെത്തുകയുണ്ടായി; ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ട്രേഡ് യൂണിയനുകൾ പൊതുമേഖലാ വ്യവസായ സംരക്ഷണ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ 2004 ഏപ്രിൽ 7 മുതൽ സത്യാഗ്രഹം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത അസംഘടിത മേഖലയിലെ സ്വർണ്ണത്തൊഴിലാളികൾ കളിമൺ വ്യവസായ തൊഴിലാളികൾ കക്ക നീറ്റൽ തൊഴിലാളികൾ തുടങ്ങിയവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ പ്രത്യേക ക്ഷേമനിധി ബോർഡുകൾ രൂപവൽക്കരിക്കുക, പെൻഷൻ അനുവദിക്കുക, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുക, വിവാഹ ആനുകൂല്യം അനുവദിക്കുക, അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ സാമ്പത്തിക സഹായം അനുവദിക്കുക, അവശത പെൻഷൻ അനുവദിക്കുക എന്നിവയാണ്. സ്വർണ്ണത്തൊഴിലാളികൾക്ക് വേതനം നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആഭരണ നിർമ്മാണ തൊഴിലാളികൾ അവരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയ അനിശ്ചിതകാല സമരത്തിൽ തൊഴിൽ വകുപ്പ് ഇടപെടുകയും പ്രശ്നം പരിഹരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യൂണിയൻ ഉന്നയിച്ച ആവശ്യങ്ങളിൽ തൊഴിൽ വകുപ്പ് മുഖാന്തിരം നടപ്പാക്കേണ്ടതായ മിനിമം വേതനം നിശ്ചയിക്കൽ, ക്ഷേമപദ്ധതി നടപ്പിലാക്കൽ എന്നീ ആവശ്യങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലധിഷ്ഠിത പരിശീലന സംവിധാനം

44 [2031] ശ്രീ. എ. സി. മൊയ്തീൻ :

,, മത്തായി ചാക്കോ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദേശീയ തലത്തിൽ ഉരുത്തിരിഞ്ഞു വരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ തൊഴിലധിഷ്ഠിത പരിശീലന സംവിധാനം പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുനഃസംഘടന സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പുനഃസംഘടനാ പദ്ധതിക്ക് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി; മറ്റേതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാണോ;

(ഡി) ഈ പദ്ധതി വഴി സംസ്ഥാനത്തെ ഏതെല്ലാം ഐ.ടി.ഐ.കൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ സാദ്ധ്യതയുള്ളതും ഏറ്റവും പുതിയതുമായ ട്രേഡുകൾ തുടങ്ങുന്നതിന് കേരളത്തിനകത്തും, പുറത്തും സന്ദർശനം നടത്തി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ "സെന്റർ ഫോർ മാനേജുമെന്റ് ഡവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം" എന്ന സ്ഥാപനത്തിനെ നിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് ഉടൻ ലഭ്യമാക്കുന്നതാണ്.

(സി) ഈ പദ്ധതിയ്ക്ക് ഇതിനകം 10.61 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷമേ ഇതു സംബന്ധിച്ച മൊത്തം ചെലവ് എത്ര വരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഡി) സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് അധികൃതരിൽനിന്നും പഠന റിപ്പോർട്ട് ലഭിച്ചശേഷമോ ഇതു സംബന്ധിച്ച വ്യക്തമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

വ്യാവസായിക പരിശീലന കോഴ്സുകൾ പരിഷ്ക്കരിക്കൽ

45 [2082] ശ്രീ. യു. സി. രാമൻ :

„ സി. മോയിൻകുട്ടി :

„ സി. മമ്മൂട്ടി :

„ ടി. പി. എം. സാഹിർ :

„ ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരോഗതി നേടിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയുടെ ആവശ്യത്തിനനുസരണമായി നിലവിലുള്ള പരിശീലന കോഴ്സുകൾ പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly